بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**24-04-2026**

# നബിതിരുമേനി(സ)യുടെ സത്യസന്ധത

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

*തശഹ്ഹുദ്, തഅവ്വുദ്, സൂറ: ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുസൂർ തിരുമനസ്സ്(അയ്യദഹുല്ലാഹ്) പറഞ്ഞു:*

നബി തിരുമേനി(സ) പുലർത്തിയ സത്യസന്ധതയുടെ ഉന്നതനിലവാരവുമായി ബന്ധപ്പെട്ട് അവിടുത്തെ ഉദാത്ത മാതൃക, സത്യവിശ്വാസികൾക്കു നല്കിയ ഉപദേശനിർദേശങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചായിരുന്നല്ലോ കഴിഞ്ഞ ഖുത്ബയിൽ പരാമർശിച്ചിരുന്നത്. അതിന്റെ തുടർച്ചയെന്നോണം ചില കാര്യങ്ങൾ കൂടി പ്രതിപാദിക്കുന്നതാണ്.

നബിതിരുമേനി(സ) പറഞ്ഞു:കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ഒരാൾ ജനങ്ങളിൽ പ്രചരിപ്പിക്കുന്ന ഓരോ കാര്യവും അയാൾ വ്യാജം പറയുന്നവനാണെന്നതിന് മതിയായ ലക്ഷണമത്രേ. ആളുകളിൽ പൊതുവേ കണ്ടുവരുന്ന ഒരു ശീലമാണിത്. ജമാഅത്തിലെ ചിലരിൽ ഇത് വളരെ കൂടുതലായിട്ടുണ്ട്. മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് ആയിശ(റ) പ്രസ്താവിക്കുന്നു: നബി തിരുമേനി(സ)യുടെ സ്വഹാബികൾക്ക്, കളവു പറയുന്നതിനേക്കാൾ വെറുപ്പ് തോന്നിയിരുന്ന മറ്റൊരു സ്വഭാവവും ഉണ്ടായിരുന്നില്ല. നബി തിരുമേനി(സ)യുടെ മുൻപാകെ ആരെങ്കിലും കളവു പറഞ്ഞാൽ ആ കാര്യം അവിടുത്തെ മനസ്സിനെ വല്ലാതെ അലട്ടുമായിരുന്നു. ഒരാൾ കളവു പറഞ്ഞതായി നബിതങ്ങൾ അറിഞ്ഞാൽ അതിൽ അവിടുന്ന് അങ്ങേയറ്റം വേദനിക്കുകയും, അയാൾഅതിൽ നിന്ന് തൗബ ചെയ്തുവെന്നും സ്വയം പരിഷ്കരണം വരുത്തിയെന്നും കളവു പറയുന്നതിൽ നിന്ന് പൂർണ്ണമായും വിട്ടുനിൽക്കാൻ തുടങ്ങിയെന്നും നബി തിരുമേനി(സ)ക്ക് ബോധ്യപ്പെടുന്നത് വരെ അതേ കുറിച്ച് മനസ്സിൽ വേവലാതിയുണ്ടാകുകയും ചെയ്യുമായിരുന്നു.

മറ്റൊരു നിവേദനത്തിൽ വരുന്നു, ഹദ്റത്ത് അസ്മാഅ്(റ) നിവേദനം ചെയ്യുന്നു: ഒരു സ്ത്രീ നബി തിരുമേനി(സ)യുടെ അടുക്കൽ വന്ന് ചോദിച്ചു: എന്റെ ഭർത്താവിന് മറ്റൊരു ഭാര്യയുണ്ട്. അവളെ ദേഷ്യം പിടിപ്പിക്കാനും സ്വൈരക്കേട് ഉണ്ടാക്കാനും വേണ്ടി എന്റെ ഭർത്താവിന്റെ സമ്പത്തിൽ നിന്ന് എനിക്ക് ലഭിക്കാത്ത കാര്യങ്ങൾ പോലും ഭർത്താവ് എനിക്ക് ധാരാളം നൽകുന്നുണ്ട് എന്ന് അവളോട് പ്രകടിപ്പിക്കുന്നതിൽ എനിക്ക് വല്ല പാപവുമുണ്ടോ? നബി തിരുമേനി(സ) പറഞ്ഞു: തനിക്ക് ലഭിക്കാത്ത കാര്യങ്ങളെ ചൊല്ലി അവ സമൃദ്ധമായി ലഭിക്കുന്നുണ്ടെന്ന പ്രതീതി ഉളവാക്കുന്നത് കളവിന്റെ രണ്ട് വസ്ത്രങ്ങൾ ധരിക്കുന്നത് പോലെയാണ്. വസ്ത്രം എന്ന വാക്ക് ഇവിടെ ഒരു ഉപമയായാണ് ഉപയോഗിച്ചിരിക്കുന്നത് എന്നാണ് ഇതിന്റെ വ്യാഖ്യാനത്തിൽ എഴുതിയിരിക്കുന്നത്. അതിന്റെ അർത്ഥം ആ വ്യക്തി കള്ളവും ചതിയും പ്രവർത്തിക്കുന്നവനാണ് എന്നാണ്. അയാൾ കളവിന്റെ രണ്ട് വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു; ഒന്ന് മേൽവസ്ത്രവും മറ്റൊന്ന്

കീഴ്‌വസ്ത്രവും.
നബി തിരുമേനി(സ) പ്രസ്താവിച്ചു: നാല് സ്വഭാവങ്ങൾ ഏതൊരാളിൽ ഉണ്ടോ അയാൾ തികഞ്ഞ മുനാഫിഖ് (കപടവിശ്വാസി) ആകുന്നു. പ്രസ്തുത സ്വഭാവങ്ങളിൽ ഒന്നെങ്കിലും ഏതൊരാളിലുണ്ടോ, അയാൾ അത് ഉപേക്ഷിക്കുന്നത് വരെ കപടതയുടെ സ്വഭാവം അയാളിൽ ഉണ്ടായിരിക്കും. ഒന്ന്, അവനെ വിശ്വസിച്ച് എന്തെങ്കിലും ഏൽപ്പിച്ചാൽ അവൻ വഞ്ചന കാണിക്കും; രണ്ട്, സംസാരിക്കുമ്പോൾ കള്ളം പറയും; മൂന്ന്, കരാർ ചെയ്താൽ അത് ലംഘിക്കും; നാല് വഴക്കിട്ടാൽ അസഭ്യം പുലമ്പും. ഈ കാര്യങ്ങളെല്ലാം തന്നെ നേരിട്ടോ അല്ലാതെയോ ഏതെങ്കിലും വിധത്തിൽ കളവിലേക്ക് നയിക്കുന്നവയോ കളവ് പ്രകടിപ്പിക്കുന്നവയോ ആണ്.
നബിതിരുമേനി(സ) പറയുന്നു: ഒരാൾ കളവു പറയുമ്പോൾ, ആ പ്രവൃത്തിയുളവാക്കുന്ന ദുർഗന്ധം കാരണം മലക്ക് അവനിൽ നിന്ന് ഒരു മൈൽ ദൂരം അകന്നുപോകുന്നു. ഒരിക്കൽ നബി തിരുമേനി(സ) ഒരു ധാന്യക്കൂനയുടെ അരികിലൂടെ കടന്നു പോയപ്പോൾ നബിതങ്ങൾ കൈ അതിനുള്ളിലേക്ക് ഇട്ടു. അപ്പോൾ വിരലുകളിൽ നനവ് അനുഭവപ്പെട്ടു. നബിതങ്ങൾ ചോദിച്ചു: ഇതിനുള്ളിൽ നനവുണ്ടല്ലോ, എന്താണു കാര്യം? ധാന്യവില്പനക്കാരൻ പറഞ്ഞു: യാറസൂലല്ലാഹ്, അത് മഴ നനഞ്ഞതാണ്. നബി തിരുമേനി(സ) അരുളി: എങ്കിൽ ആളുകൾക്ക് കാണാൻ പാകത്തിൽ താങ്കൾക്ക് അത് മുകളിൽ വെക്കാമായിരുന്നില്ലേ? വഞ്ചന കാണിക്കുന്നവൻ എന്നിൽപ്പെട്ടവനല്ല.
ഹുസൂർ തിരുമനസ്സ് പറയുന്നു:
അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ സ്വീകരിച്ചുകൊണ്ട് നബിതിരുമേനി(സ)യിൽ യഥാർത്ഥ ഈമാൻ കൈകൊണ്ടുവന്നുവെന്ന് പ്രഖ്യാപിക്കുന്ന നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും സത്യസന്ധതയുടെ ഉന്നതനിലവാരം പുലർത്തേണ്ടതുണ്ട്. അല്ലാത്തപക്ഷം, നബതിരുമേനി(സ) പ്രസ്താവിച്ചിരിക്കുന്നത് 'നിങ്ങൾ എന്നിൽപ്പെട്ടവരല്ല, എനിക്ക് നിങ്ങളുമായി യാതൊരു ബന്ധവുമില്ല. ' എന്നാണ്.
സത്യസന്ധതയിലും വിശ്വസ്തതയിലും നബി തിരുമേനി(സ) എല്ലാവരെക്കാളും എപ്പോഴും മികച്ചുനിന്നതിനാൽ ജനങ്ങൾക്കിടയിൽ സ്വാദിഖ് (സത്യവാൻ) എന്നും അമീൻ (വിശ്വസ്തൻ) എന്നും അറിയപ്പെട്ടിരുന്നു. ഒരു ഗ്രന്ഥകാരൻ ഇപ്രകാരം എഴുതുന്നു: മുഹമ്മദ് നബി തിരുമേനി(സ)ക്ക് മുൻപ് ജാഹിലിയ്യാ കാലഘട്ടത്തിൽ ഒരു താക്കീതുകാരനും വന്നിട്ടുണ്ടായിരുന്നില്ല. അതായത് സമൂഹത്തിൽ ഒരു പ്രവാചകനും വന്നിരുന്നില്ല. വിഗ്രഹങ്ങളെയും താഗൂത്തുകളെയും ആരാധിക്കുന്നവരായിരുന്നു ജനങ്ങൾ. സാത്താനിക സംഘത്തിനും വിഗ്രഹാരാധകർക്കും ഇടയിൽ വളർന്നിട്ടും നബിതങ്ങൾ ഒരിക്കലും വിഗ്രഹങ്ങളിലേക്ക് ആകൃഷ്ടനാകുകയോ അവരുടെ ഉത്സവങ്ങളിൽ പങ്കുചേരുകയോ ചെയ്തില്ല. നബിതിരുമേനി(സ) എന്നെങ്കിലും കളവു പറഞ്ഞതായി കേട്ടിട്ടുപോലുമില്ല. അവിടുന്ന് സദൂഖും(ഏറ്റവും സത്യവാൻ), അമീനും (വിശ്വസ്തൻ), ക്ഷമാശീലനും ദയാലുവുമാണെന്ന് ജനങ്ങൾ മനസ്സിലാക്കി. ഇസ്‌ലാമിന് മുൻപുള്ള ജാഹിലിയ്യാ കാലഘട്ടത്തിൽ പോലും തർക്കങ്ങളിൽ തീർപ്പുകല്പിക്കാൻ നബി തിരുമേനി(സ)യെയാണ് നിയോഗിച്ചിരുന്നത് എന്ന് നിവേദനങ്ങളിൽ കാണാം.
ഹദ്റത്ത് മുസ്‌ലിഹ്മൗഊദ് (റ) പറഞ്ഞു:
നബി തിരുമേനി(സ)യുടെ ഉത്കൃഷ്ട സ്വഭാവത്തെ സംബന്ധിച്ച പൊതുവായ സാക്ഷ്യമാണ് അവിടുത്തെ ജനത നൽകിയത്. അതായത്, നുബുവ്വത്ത് വാദത്തിന് മുൻപ് തന്നെ തിരുമേനിയുടെ ജനത അങ്ങയെ അമീൻ എന്നും സ്വാദിഖ് എന്നും വിളിച്ചിരുന്നു. കടുത്ത പരീക്ഷണങ്ങളിലൂടെ കടന്നുപോകാൻ അവസരം ലഭിക്കാത്ത നിരവധിയാളുകളെ ലോകത്ത് ഉണ്ട്. സാധാരണ പരീക്ഷണങ്ങളിലൂടെ അവർ കടന്നുപോകുന്നുവെങ്കിലും അവരുടെ ജനത അവർക്ക് പ്രത്യേകം പേര് നൽകാറില്ല. ഉദാഹരണമായി യുദ്ധത്തിൽ പങ്കെടുക്കുന്ന എല്ലാവരും സ്വന്തം ജീവൻ അപകടത്തിലാക്കുകയാണല്ലോ ചെയ്യുന്നത്. എന്നാൽ ഇംഗ്ലീഷ് ജനത എല്ലാ യോദ്ധാക്കൾക്കും വിക്ടോറിയ ക്രോസ് ബഹുമതി നൽകുന്നില്ല, ജർമ്മൻ ജനത എല്ലാ പോരാളികൾക്കും ആര്യൻ ക്രോസ് നൽകുന്നില്ല. അതേ സമയം ഒരു ജനത മുഴുവൻ ഒരാളെ അമീൻ എന്നും സ്വാദിഖ് എന്നും വിളിക്കുക എന്നത് അസാധാരണമായ കാര്യമാണ്. അതുകൊണ്ട് അറബികളുടെ നൂറുകണക്കിന് വർഷത്തെ

ചരിത്രത്തിൽ ഒരു ജനത ഒരേയൊരു വ്യക്തിക്ക് മാത്രം അമീൻ എന്നും സ്വാദിഖ് എന്നും പേര് നൽകിയത് അവിടുത്തെ വിശ്വസ്തതയും സത്യസന്ധതയും അത്രമേൽ ഉന്നതമായിരുന്നു എന്നു വിളിച്ചോതുന്നു. അറബികളുടെ അറിവിൽ മറ്റൊരു വ്യക്തിയിലും ഇതിന് ഉദാഹരണം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. സൂക്ഷ്മ നിരീക്ഷണപാടവമുള്ളവരായിരുന്നു അറബികൾ. അതിനാൽ അവർ ഏതൊരു കാര്യം അത്യപൂർവ്വം എന്ന് വിശേഷിപ്പിക്കുന്നുവോ അത് തീർച്ചയായും ലോകത്ത് അത്യപൂർവ്വം എന്ന് കരുതപ്പെടാൻ യോഗ്യമാണ്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു:

നബിതിരുമേനി(സ)യുടെ സീറത്ത് വിവരിക്കവേ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ഒരിടത്ത് ഇപ്രകാരം എഴുതിയിരിക്കുന്നു:

തനിക്ക് വഹ്‌യ് ലഭിച്ചകാര്യം നബി തിരുമേനി(സ) തന്റെ ഭാര്യയെ അറിയിച്ചപ്പോൾ, ഇത് എന്ത് പ്രഹസനമാണ് താങ്കൾ കാണിക്കുന്നത് എന്നല്ല അവർ ചോദിച്ചത്. മറിച്ച് അവർ പറഞ്ഞു: അങ്ങ് പരിഭ്രമിക്കേണ്ട, അങ്ങ് കണ്ടത് സത്യമാണ്. അല്ലാഹു അങ്ങയെ ഒരിക്കലും പാഴാക്കുകയില്ല. കാരണം അങ്ങ് കളവ് പറയാറില്ല; നിരാലംബരുടെ ഭാരം ചുമക്കുന്നു; വിസ്മൃതമായ നന്മകൾ പുനഃസ്ഥാപിക്കുന്നു; അതിഥികളെ സൽക്കരിക്കുന്നു; സത്യത്തെയും നേരിനെയും പിന്തുണയ്ക്കുന്നു. തുടർന്ന് അവർ നബി തിരുമേനി (സ)യെ തന്റെ സഹോദരൻ വറഖത്ത് ബിൻ നൗഫലിന്റെ അടുത്തേക്ക് കൊണ്ടുപോയി. ഇസ്രായേലി വിജ്ഞാനങ്ങളിൽ പണ്ഡിതനായിരുന്ന അദ്ദേഹം ഇത് കേട്ട ഉടൻ പ്രസ്താവിച്ചു: മൂസാനബിക്ക് ലഭിച്ച വഹ്‌യിന് സമാനമായ കല്പനകളും നിർദേശങ്ങളും തന്നെയാണ് ഇതിലും അടങ്ങിയിരിക്കുന്നത്. യൗവനത്തിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്ന ഒരു പിതൃസഹോദര പുത്രൻ വീടിനുള്ളിൽ തന്നെയുണ്ടായിരുന്നു, യുവാക്കൾക്കിടയിൽ പ്രബോധനം നടത്താൻ ഏറ്റവും അനുയോജ്യനായ ഒരാൾ. നബി തിരുമേനി(സ)യും ഹദ്റത്ത് ഖദീജയും സംസാരിക്കുന്നത് കേട്ട ആ യുവാവ് പറഞ്ഞു: നിശ്ചയമായും അങ്ങ്സത്യവാനാണെന്നും അല്ലാഹു താങ്കളോട് സംസാരിച്ചിരിക്കുന്നുവെന്നും ഞാൻ വിശ്വസിക്കുന്നു. അതുകഴിഞ്ഞ് നബി തിരുമേനി(സ)യുടെ ധാർമികഗുണങ്ങളിൽ ആകൃഷ്ടനായി മാതാപിതാക്കളെ ഉപേക്ഷിച്ച് അവിടുത്തെ സന്നിധിയിൽ കഴിയുന്ന ഒരു മോചിതനായ അടിമയുടെ സാക്ഷ്യമാണ് വരുന്നത്. പതുക്കെ നടക്കുന്ന ഈ സംസാരങ്ങൾ കേൾക്കുകയും തന്റെ യജമാനന്റെ മുഖത്ത് ചിന്തയുടെയും ഉത്കണ്ഠയുടെയും ലക്ഷണങ്ങൾ കാണുകയും ചെയ്തപ്പോൾ അദ്ദേഹം മുന്നോട്ട് വന്ന് തന്റെ യജമാനന്റെ കോന്തല പിടിച്ചുകൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു: എന്റെ യജമാനനേ, അങ്ങ് കണ്ടത് തന്നെ സംഭവിക്കും. താങ്കൾ പറഞ്ഞത് സത്യമാണ്, അങ്ങ് കണ്ടതും സത്യമാണ്. എന്നെയും അങ്ങയോടൊപ്പം കഴിയാൻ അനുവദിച്ചാലും. മറ്റൊരു സാക്ഷ്യം പിന്നെയുള്ളത് ഒരു ഉറ്റ സുഹൃത്തിന്റേതാണ്. ഒരേ ചിപ്പിക്കുള്ളിൽ വളർന്ന രണ്ട് മുത്തുകളായിരുന്നു അവർ. തന്റെ സുഹൃത്ത് അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ പറഞ്ഞുതുടങ്ങിയെന്നും ഒരുപക്ഷേ അദ്ദേഹത്തിന്റെ മാനസികനിലയിൽ തകരാർ സംഭവിച്ചിരിക്കാമെന്നും ആളുകൾ പറയുന്നത് കേട്ടപ്പോൾഅബൂബക്കർ തിരുമേനിയുടെ അടുക്കൽവന്ന് ചോദിച്ചു: എനിക്ക് ഇത്രയേ അറിയേണ്ടതുള്ളൂ. അങ്ങ് പ്രവാചകത്വം വാദിച്ചുവെന്നത് സത്യമാണോ? നബി തിരുമേനി(സ) അത് ശരി വച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ യഥാർഥ സുഹൃത്തേ, അങ്ങയുടെ രിസാലത്തിൽ ഞാൻ വിശ്വസിക്കുന്നു.

അല്ലാഹു ചെയ്ത മുന്നൊരുക്കം നോക്കൂ, എതിർപ്പിന്റെ തിരമാല അലയടിക്കുന്നതിന് മുൻപ് തന്നെ അല്ലാഹു എപ്രകാരമാണ് അങ്ങേക്ക് സഹായകരെ നൽകിയത്. തന്റെ ഭാരം ചുമക്കാൻ ഒരു സഹായിയെ നൽകണമെന്ന് മൂസാനബി(അ) ദുആ ചെയ്ത് ചോദിച്ചെങ്കിൽ മുഹമ്മദ് നബി തിരുമേനി(സ)ക്ക് അല്ലാഹു പ്രാർത്ഥിക്കാതെ തന്നെ അഞ്ച് സഹായികളെ നല്കി. അവരാകട്ടെ, അങ്ങയുടെ ഭാരം ലഘൂകരിക്കുന്നതിൽ അത്യുജ്ജ്വലമായി പ്രവർത്തിച്ചു. വറഖത്ത് ബിൻ നൗഫൽ പെട്ടെന്ന് തന്നെ വഫാത്തായിരുന്നെങ്കിലുംഅങ്ങയുടെ സത്യസന്ധതയ്ക്ക് സ്ഥായിയായ സാക്ഷ്യം നൽകിയാണ് വിട പറഞ്ഞത്. ഹദ്റത്ത് ഖദീജ ഒരു സ്ത്രീയായിരുന്നിട്ടും ധീരരായ പുരുഷന്മാർ പോലും തലകുനിച്ചുപോകുന്ന വിധത്തിലുള്ള

പ്രവർത്തനങ്ങളാണ് പന്ത്രണ്ട് വർഷത്തോളം കാഴ്ച വച്ചത്. സെയ്ദ് ഇരുപത് വർഷത്തോളം ത്യാഗത്തിന്റെ സമാനതകളില്ലാത്ത മാതൃക കാണിക്കുകയും ഒടുവിൽ വാൾത്തലപ്പുകൾക്ക് മുന്നിൽ സ്വന്തം രക്തം ഒഴുക്കിക്കൊണ്ട് മുഹമ്മദ് നബി തിരുമേനി(സ)യുടെ സഹായികൾ എങ്ങനെയായിരിക്കണമെന്ന് തെളിയിക്കുകയും ചെയ്തു. അങ്ങയുടെ വഫാത്തിന് ശേഷവും ജീവിച്ച അബൂബക്കറും അലിയും ഖലീഫമാരായിത്തീർന്ന് തങ്ങൾ സഹായികളാണെന്ന് പുതിയൊരു ശൈലിയിൽ സ്ഥാപിച്ചു കാണിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു: നമ്മുടെ നേതാവും യജമാനരുമായ മുഹമ്മദ് നബി തിരുമേനി(സ)യുടെ സത്യസന്ധതയും വിശ്വസ്തതയും നോക്കൂ. അവിടുന്ന് എല്ലാത്തരം പ്രതികൂല സാഹചര്യങ്ങളെയും നേരിടുകയും പലവിധ കഷ്ടപ്പാടുകളും പ്രയാസങ്ങളും സഹിക്കുകയും ചെയ്തെങ്കിലും അവയെയൊന്നും തന്നെ അവിടുന്ന് ഗൗനിച്ചില്ല. ഈ സത്യസന്ധതയും വിശ്വസ്തതയും കാരണം അല്ലാഹു അങ്ങയെ അനുഗ്രഹിച്ചു അതുകൊണ്ടാണ് അല്ലാഹു ഇപ്രകാരം പ്രസ്താവിച്ചത്:

اِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ ؕ يٰۤاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا
عَلَيْهِ وَسَلِّمُوْا تَسْلِيْمًا ﴿٥٧﴾

അല്ലാഹുവും അവന്റെ മലക്കുകളും നബിതങ്ങൾക്കായി സ്വലാത്ത് ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങളും നബിതങ്ങൾക്ക് വേണ്ടി സ്വലാത്തും സലാമും ചൊല്ലുവിൻ. പ്രശംസയുടെയോ പ്രകീർത്തനത്തിന്റെയോ ഏതെങ്കിലും പ്രത്യേകപദത്തിൽ പരിമിതപ്പെടുന്ന ഒരു പദവും നബി തിരുമേനി(സ)യുടെ പ്രവർത്തനങ്ങളെക്കുറിച്ച് അല്ലാഹു പ്രയോഗിച്ചിട്ടില്ലെന്ന് ഈ വചനത്തിൽ നിന്ന് വ്യക്തമാകുന്നു. വാക്കുകൾ ലഭ്യമായിരുന്നുവെങ്കിലും അവ സ്വയം ഉപയോഗിച്ചില്ല. സത്യസന്ധതയുടെയും വിശ്വസ്തതയുടെയും നിറവ് ആയിരുന്നു അവിടുത്തെ ആത്മാവ്. അവിടുത്തെ കർമങ്ങൾ ദൈവദൃഷ്ടിയിൽ ഏറെ പ്രിയങ്കരമായിരുന്നു. അതുകൊണ്ടാണ് കൃതജ്ഞത എന്ന നിലയിൽ നബിതങ്ങൾക്ക് വേണ്ടി സ്വലാത്ത് ചൊല്ലാൻ അല്ലാഹു എന്നെന്നേക്കുമായി കല്പന നല്കിയത്. മുൻപും പിൻപും കണ്ണോടിച്ചാൽ പോലും നമുക്ക് സമാനതകൾ കണ്ടെത്താൻ കഴിയാത്ത ധീരതയും സത്യസന്ധതയുമായിരുന്നു നബിതങ്ങളുടേത്. മൃഗങ്ങളേക്കാൾ അധഃപതിച്ചിരുന്ന ആയിരക്കണക്കിന് മനുഷ്യരെ നമ്മുടെ പരിശുദ്ധനബി തിരുമേനി (സ) നേരെയാക്കി. ചിലർ മൃഗങ്ങളെപ്പോലെ അമ്മപെങ്ങന്മാരെ പോലും തിരിച്ചറിയാത്തവരായിരുന്നു. അനാഥകളുടെ സ്വത്ത് അവർ തിന്നുമുടിച്ചു; മരിച്ചവരുടെ സമ്പത്ത് കൈവശപ്പെടുത്തി; ചിലർ നക്ഷത്രങ്ങളെ പൂജിച്ചു; ചിലർ നിരീശ്വരവാദികളായി; മറ്റു ചിലർ പ്രകൃതിശക്തികളെ ആരാധിച്ചു. വിവിധ മതങ്ങളുടെ ഒരു സമാഹാരം തന്നെയായിരുന്നു അറേബ്യൻ ഉപദ്വീപ്. എല്ലാവിധ അധ്യാപനങ്ങളും വിശുദ്ധ ഖുർആനിൽ ഉൾക്കൊള്ളുന്നു എന്നതാണ് ഇതുകൊണ്ടുണ്ടായ മഹത്തായ പ്രയോജനം. ലോകത്തെ തെറ്റായ സകല വിശ്വാസങ്ങളെയും ദുരാചാരങ്ങളെയും ഇല്ലാതാക്കാൻ ആവശ്യമായ വിജ്ഞാനങ്ങൾ ഖുർആനിലുണ്ട്. ജാഹിലിയ്യത്ത് അതിന്റെ പാരമ്യതയിൽ എത്തിയ സമയത്ത് അല്ലാഹു നബി തിരുമേനി(സ)യെ നിയോഗിച്ച് അയക്കുകയും മൃഗമാനസരെ അവിടുന്ന് മനുഷ്യരാക്കി മാറ്റുകയും ചെയ്തതിൽ ഗഹനമായ ദൈവികയുക്തി അടങ്ങിയിരിക്കുന്നു.

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ വ ബാരിക് സ്വല്ലിം ഇന്നക്ക ഹമീദുൻ മജീദ്**

നബി തിരുമേനി(സ)യുടെ ഉത്തമ മാതൃക പിന്തുടർന്നു കൊണ്ട് സത്യസന്ധതയുടെ നിലവാരം ഉയർത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ
بِهِ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ
يُضْلِلْهُ فَلَا هَادِيَ لَهُ- وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهُ وَ رَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 24.04.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY  AMNAS PK & ARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516